പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1578 02.07.2015 ലെ മറുപടിയ്ക്ക്

## കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചാൽ കർഷകർ നിശ്ചിത സമയത്തിനുള്ളിൽ (10 ദിവസത്തിനകം) കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കുകയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷിസ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്ത ശേഷം നഷ്ടപരിഹാര തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ക്ലെയിം സമർപ്പിക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് കൃഷിനാശത്തിന് ധനസഹായം നൽകുന്നത്. തുക അനുവദിച്ചു വരുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകി വരുന്നു. |
| (ബി) | കുന്ദമംഗലം, പെരുവയൽ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തതു സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ ? | (ബി) | ഉണ്ട്. 2014-15- ലെ വേനൽമഴയ്ക്ക് 1,16,75,000/- രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ആദ്യം ലഭിച്ച ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ ഈ തുക കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ബാക്കി ക്ലെയിമുകൾ നൽകുവാൻ സാധിച്ചിട്ടില്ല. തുക ലഭ്യമാകാത്ത പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ